പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5188 05.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. കൺസൾട്ടൻസി റിപ്പോർട്ട്

ചോദ്യം

ശ്രീ. സി. ദിവാകരൻ
" പി. തിലോത്തമൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. വി. ശശി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന് മാനേജ്മെന്റ് നിയോഗിച്ച കൺസൾട്ടൻസിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഓർഡിനറി ബസ്സുകൾ കുറയ്ക്കണമെന്നത് ഉൾപ്പെടെയുള്ള ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ? | (സി) | ഓർഡിനറി ബസ്സുകൾ കുറയ്ക്കണമെന്ന നിർദ്ദേശം റിപ്പോർട്ടിൽ നൽകിയിട്ടില്ല. റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾ സംബന്ധിച്ച പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

5188

## അനുബന്ധം

➢ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നു.

1. കെ.എസ്.ആർ.ടി.സി. യുടെ അധീനതയിലുള്ള സ്ഥലത്തിന് ബുക്ക് വാല്യൂ മാത്രമാണ് ആസ്തിയായി കാണിക്കാൻ സാധിക്കുന്നത്. ആർ.ടി.സി. ആക്ട് 1950-ലെ ഇതുസംബന്ധിച്ചുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് യഥാർത്ഥ മാർക്കറ്റ് വില ആസ്തിയായി കാണിക്കുന്നത് മൂലം കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ച് കാണിക്കുന്നതിനും ആസ്ഥി - ബാദ്ധ്യതാ അനുപാതം ഉയർത്താനും സാധിക്കും.
2. സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരിക്കുന്ന 490.50 കോടി രൂപയുടെ വായ്പ ഇക്യൂറ്റിയായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കണം. ഒപ്പം കെ.ടി.ഡി.എഫ്.സി. യിൽ നിന്നും വാങ്ങുന്ന വായ്പയുടെ പലിശ നിരക്ക് രണ്ട് ശതമാനം എങ്കിലും കുറയ്ക്കണം. അന്താരാഷ്ട്ര മുൻനിര ബാങ്കുകൾ ആയ World Bank, Asian Development Bank, Japan Bank of International Co-operation തുടങ്ങിയവയിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കണം.
3. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി, സർക്കാർ ഗ്രാന്റ് / സബ്സിഡി ലഭ്യമാക്കണം.
4. സർക്കാർ അനുവാദത്തോടുകൂടി ഉയർന്ന നിരക്കിലുള്ള ടിക്കറ്റുകൾക്ക് Cess ഏർപ്പെടുത്തുക.
5. മനുഷ്യപ്രയത്നവും, തൊഴിലാളി - ബസ് അനുപാതവും പരിശോധനയ്ക്ക് വിധേയമാക്കുക. ആകർഷകമായ വി.ആർ.എസ് നടപ്പാക്കുക.
6. മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുക.
7. ബസ് സർവ്വീസ്സുകൾ കാര്യക്ഷമമാക്കുക. ഇതിനായി ഓരോ തലത്തിലും കി.മീറ്റർ പ്രതി വരുമാനം, ബസ് പ്രതി വരുമാനം, കി.മീറ്റർ പ്രതി ഡീസൽ, ബസ് പ്രതി ജീവനക്കാർ എന്നിവ കണക്കാക്കി ബഡ്ജറ്റും ലക്ഷ്യവും കണക്കാക്കുക.
8. ദീർഘദൂര സർവ്വീസ്സുകൾ ആകെയുള്ള ബസ്സുകളുടെ 22% എന്നത് വർദ്ധിപ്പിച്ച് 50% ആക്കുക. ബസ് പ്രതി യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. On-line, Mobile ബുക്കിംഗ് സമ്പ്രദായം കാര്യക്ഷമവും സാർവ്വത്രികവുമാക്കുക.
9. ബസ്സുകളുടെ off-road എണ്ണം ഗണ്യമായി കുറയ്ക്കുക. കി.മീറ്റർ പ്രതി ലിറ്റർ ഡീസൽ ഉപഭോഗം 4.25 എന്നത് 5 ആക്കുക.
10. നിലവിലുള്ള കോർപ്പറേഷൻ വക വസ്തുക്കളിൽ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക.
11. ബസ്സുകളുടെ നിയന്ത്രണത്തിനും കാര്യക്ഷമമായ സർവ്വീസ് ഓപ്പറേഷനും അനുയോജ്യമായ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക.
12. എല്ലാ വിഭാഗം ജീവനക്കാർക്കും ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുക.
13. സാമൂഹ്യ ബാധ്യത ഇനത്തിൽ കോർപ്പറേഷന് ചിലവാകുന്ന തുകയ്ക്ക് ഗവൺമെന്റ് സഹായം നൽകുക.

(signature)

**സെക്ഷൻ ഓഫീസർ**